ഗ്രാമവികസന മേഖലയിൽ കേന്ദ്രസഹായം

161 [1880] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമ വികസന മേഖലയിൽ ഏതെല്ലാം പദ്ധതികൾക്ക്/സ്കീമുകൾക്കാണ് ഇപ്പോൾ കേന്ദ്ര സഹായം ലഭിച്ചുവരുന്നത് ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പദ്ധതികൾ/സ്കീമുകൾ ഏതൊക്കെയാണ് ;

(സി) ഇതിൽ ഏതൊക്കെ സ്കീമുകൾക്ക് കേന്ദ്രസഹായം ലഭിച്ചുവെന്നും ഓരോന്നിനും ലഭിച്ച സഹായം എത്രയെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമവികസന മേഖലയിൽ സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ), ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.), സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) ഹരിയാലി സമ്പൂർണ്ണ ശുചിത്വയജ്ഞം എന്നീ പദ്ധതികൾക്കാണ് ഇപ്പോൾ കേന്ദ്ര സഹായം ലഭിച്ചുവരുന്നുത്.

(ബി) ഈ സാമ്പത്തിക വർഷം കേന്ദ്ര സഹായത്തിനായി സമർപ്പിച്ച പദ്ധതികളുടെ പേരും അടങ്കൽ തുകയും ചുവടെ ചേർക്കുന്നു :

	സമർപ്പിച്ച പദ്ധതിയുടെ പേര്	*അടങ്കൽതുക ലക്ഷം*
1.	സ്പെഷ്യൽ എസ്. ജി. എസ്. വൈ. പദ്ധതിപ്രകാരം മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ളോക്കിന്റെ സമഗ്ര വികസനത്തിനുള്ള പദ്ധതി	742.25
2.	പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.)	4758

ഇതിനു പുറമെ ഹരിയാലി പദ്ധതിപ്രകാരം 5 പദ്ധതികൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചു. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം ജില്ല-പെരുങ്കടവിള ബ്ളോക്ക് 316.16 ലക്ഷം
2. തിരുവനന്തപുരം ജില്ല-പാറശ്ശാല ബ്ളോക്ക് 333.08 ,,
3. കോട്ടയം ജില്ല-ളാലം ബ്ളോക്ക് 347.76 ,,
4. മലപ്പുറം ജില്ല-തിരൂരങ്ങാടി ബ്ളോക്ക് 473.64 ,,
5. തൃശ്ശൂർ ജില്ല-പഴയന്നൂർ ബ്ളോക്ക് 257.20 ,,

LIBRARY ARCHIVES Kerala Legislative Assembly

(സി) പി. എം. ജി. എസ്. വൈ. പ്രകാരമുള്ള 4758 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിന്റെ അധികാരപ്പെടുത്തിയ കമ്മിറ്റി (Empowered Committee) അംഗീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ PURA പദ്ധതി

162 [1881] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് PURA പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(സി) പുനലൂർ നിയോജകമണ്ഡലത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പുനലൂരിൽ എന്തെല്ലാം പ്രവർത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; ഇതിന്റെ എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഈ പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നു വ്യക്തമാക്കുമോ ;

(ജി) പുനലൂരിൽ ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ് ; പദ്ധതി നിർദ്ദേശങ്ങൾ ആർക്കാണ് നൽകുന്നത് ; അംഗീകാരം നൽകുന്നത് ആരാണ് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'പുര' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) കേരളത്തിലെ ഒരുലക്ഷം വരെ ജനസംഖ്യയുള്ള കേന്ദ്രഗവൺമെന്റ് തിരഞ്ഞെടുത്ത പെറുനഗരങ്ങളുടെ നാല് മുതൽ അഞ്ചു കിലോമീറ്റർ ചുറ്റളവിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട പത്തു മുതൽ പതിനഞ്ചു ഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുക.

(സി-ഇ) പുനലൂർ ടൗണിന്റെ പ്രാന്തപ്രദേശങ്ങളായ വിളക്കുടി, കരവാളൂർ, പിറവന്തൂർ, ഏരൂർ, തെന്മല എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. മെച്ചപ്പെട്ട ഗതാഗത സൗകര്യം, വൈദ്യുതി ലഭ്യത, ടെലികോം, ഇന്റർനെറ്റ്, ഐ.റ്റി. സേവനങ്ങളുടെ ലഭ്യത, വിദ്യാഭ്യാസം, ട്രെയിനിംഗ് സ്ഥാപനങ്ങൾ സ്ഥാപിക്കുക, കർഷകർക്ക് മാർക്കറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനുള്ള കരട് രൂപരേഖ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly